# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 03.10.2026** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. ആഗോള വ്യാപാര മേഖലയിലെ പ്രതികൂല സാഹചര്യങ്ങളെ ചെറുക്കുന്നതിന് ലോക വ്യാപാര സംഘടനയുടെ നിബന്ധനകൾക്ക് വിധേയമായുള്ള സമീപനമാണ് ആവശ്യമെന്ന് ഇന്ത്യ.

   **India has called for WTO-compliant approach to correcting global trade distortions**

2. രോഗനിർണയം, ചികിത്സ, തുടങ്ങി വൈദ്യശാസ്ത്രത്തിന്റെ എല്ലാ മേഖലകളിലും റോബോട്ടിക്സ് പ്രധാന ഘടകമായി മാറുമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്.

   **Science and Technology Minister Dr Jitendra Singh has said that robotics is set to become an important tool across medical specialties, covering diagnostics, treatment and therapy.**

3. സമുദ്രമേഖലയിലെ ശേഷി വികസനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തമാക്കി മാറ്റുന്നതിൽ ഷിപ്പിംഗ് കോർപ്പറേഷന്റെ പങ്ക് നിർണായകമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

   **Union Minister for Ports, Shipping and Waterways Sarbananda Sonowal has called on the Shipping Corporation of India to play a leading role in making India self-reliant in maritime capacity.**

4. ആഗോളതലത്തിൽ കുതിച്ചുയരുന്ന ഇന്ധനവില നിയന്ത്രിക്കാൻ 100 ദശലക്ഷം ബാരൽ എണ്ണ വിപണിയിലിറക്കാൻ തീരുമാനിച്ച് G7 രാജ്യങ്ങൾ.

**The Group of Seven (G7) nations have agreed to release 100 million barrels of oil in an effort to ease soaring fuel prices.**

5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

**The India Meteorological Department has forecast rain accompanied by thunderstorms and strong winds in Kerala. A warning has been issued advising the public to exercise caution.**

6. ഏഷ്യൻ ഗെയിംസിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ. 16 സ്വർണ്ണം ഉൾപ്പടെ 76 മെഡലുകളുമായി ഇന്ത്യ അഞ്ചാം സ്ഥാനത്ത്.

**India continues its medal surge at the Asian Games. India holds the fifth position with 76 medals, including 16 gold.**

*******************************************

## PIYUSH – G20 MEETING (INTRO)

ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും 140 കോടി ജനങ്ങളുടെ ആഭ്യന്തര ആവശ്യങ്ങൾ നിറവേറ്റുന്ന ഉൽപ്പാദന ശേഷിയാണ് രാജ്യത്തിനുള്ളതെന്നും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. അമേരിക്കയിലെ മിൽവൗക്കിയിൽ നടന്ന ജി-20 വ്യാപാര മന്ത്രിമാരുടെ ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള വ്യാപാര മേഖലയിലെ പ്രതികൂല സാഹചര്യങ്ങളെ ചെറുക്കുന്നതിന് ലോക വ്യാപാര സംഘടനയുടെ നിബന്ധനകൾക്ക് വിധേയമായുള്ള സമീപനമാണ് സ്വീകരിക്കേണ്ടതെന്നും ശ്രീ.ഗോയൽ പറഞ്ഞു. **വിശദാംശങ്ങളിലേക്ക്.................**

(വോയ്സ്)

## PIYUSH - G20 MEETING (VOICE)

തടസ്സമില്ലാത്തതും സുതാര്യവുമായ നിയമധിഷ്ഠിത വ്യാപാര സംവിധാനത്തെയാണ് ജി-20 രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വ്യാപാരം ആശ്രയിച്ചിരിക്കുന്നതെന്ന് വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ചില രാജ്യങ്ങളുടെ വ്യാപാര വിരുദ്ധ നിലപാടുകൾ ഉൽപന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കുന്നതിനും അന്യായമായ വില നിർണ്ണയത്തിനും കാരണമാകുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഉൽപ്പാദനത്തിന്റെയും വിതരണ ശൃംഖലയുടെയും വൈവിധ്യവൽക്കരണം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇത് ലോക വ്യാപാര സംഘടനയുടെ നിയമങ്ങൾക്ക് പുറത്തുള്ള നടപടികൾക്കോ, വികസ്വര രാജ്യങ്ങളുടെ മേൽ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നതിനോ ഉപയോഗിക്കരുത്. വികസ്വര രാജ്യങ്ങൾക്ക് വ്യവസായവൽക്കരണത്തിനുള്ള നയപരമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നും മന്ത്രി വ്യക്തമാക്കി. ഓസ്ട്രേലിയ, സൗദി അറേബ്യ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ മന്ത്രിമാരുമായും ശ്രീ. ഗോയൽ കൂടിക്കാഴ്ച്ച നടത്തി. **ന്യൂസ് ഡസ്ക്, ആകാശവാണി.........**

*******************************************

## JITENDRA SRS CONFERENCE

രോഗനിർണയം, ചികിത്സ, തുടങ്ങി വൈദ്യശാസ്ത്ര മേഖലകളിൽ റോബോട്ടിക്സ് ഒരു പ്രധാന ഘടകമായി മാറുമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. സൊസൈറ്റി ഓഫ് റോബോട്ടിക് സർജറിയുടെ അന്താരാഷ്ട്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭാവിയിൽ റോബോട്ടിക് മെഡിസിൻ, റോബോട്ടിക് കാർഡിയോളജി എന്നിവയും നിലവിൽ വരുമെന്ന് മന്ത്രി പറഞ്ഞു. റോബോട്ടിക് സർജറിയെ സ്ഥാപനപരമായ പഠനം, അക്കാദമിക് മേഖല, എന്നിവയുടെ

ഭാഗമാക്കിയതിന് SRS ഇന്ത്യ 2026-ന്റെ സംഘാടകരെ അദ്ദേഹം അഭിനന്ദിച്ചു.

*******************************************

## AP-SITHARAMAN

ആന്ധ്രാപ്രദേശിനെ ഉദ്യാനകൃഷിയുടെ സുപ്രധാന കേന്ദ്രമായി വികസിപ്പിക്കുന്നതിന് സംസ്ഥാനവുമായി യോജിച്ചു പ്രവർത്തിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ആന്ധ്രാപ്രദേശിലെ, മദനപ്പള്ളിയിൽ റായലസീമ ഗ്ലോബൽ ഹോർട്ടികൾച്ചർ ഹബ് പദ്ധതിയുടെയും,ഇന്ത്യൻ സ്കൂൾ ഓഫ് അഗ്രികൾച്ചറിന്റെയും ശിലാസ്ഥാപനം നിർവ്വഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി. പത്ത് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഗ്ലോബൽ ഹോർട്ടികൾച്ചർ ഹബ്, മാങ്ങ, വാഴപ്പഴം, തക്കാളി, മാതളനാരങ്ങ തുടങ്ങിയ വിളകളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കും. ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപത്തോടെ മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുക.

*******************************************

## MAHA-SONOWAL (INTRO)

കപ്പൽ നിർമ്മാണത്തിലും സമുദ്രമേഖലയിലെ ശേഷി വികസനത്തിലും ഇന്ത്യയെ സ്വയംപര്യാപ്തവും മത്സര-ക്ഷമതയുമുള്ള രാജ്യമാക്കി മാറ്റുന്നതിൽ ഷിപ്പിംഗ് കോർപ്പറേഷൻ സുപ്രധാന പങ്ക് വഹിക്കണമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. ഷിപ്പിംഗ് കോർപ്പറേഷൻറെ 65-ാം വാർഷികാഘോഷ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ ഊർജ്ജ-വ്യാപാര സുരക്ഷ ഉറപ്പാക്കുന്നതിൽ, പ്രത്യേകിച്ച് സമീപകാലത്തുണ്ടായ ഹോർമുസ് കടലിടുക്ക് പ്രതിസന്ധി ഘട്ടത്തിൽ, SCI വഹിച്ച പങ്കിനെ മന്ത്രി സോനോവാൾ അഭിനന്ദിച്ചു .

[വോയിസ് ബൈറ്റ് - സോനോവാൾ ]

1961-ൽ 19 കപ്പലുകളുമായി പ്രവർത്തനം ആരംഭിച്ച ദേശീയ ഷിപ്പിംഗ് കോർപ്പറേഷൻ, നിലവിൽ 5.26 ദശലക്ഷം ഡെഡ്-വെയ്റ്റ് ടൺ മൊത്തം ശേഷിയുള്ള-58 കപ്പലുകളാണ് പ്രവർത്തിപ്പിക്കുന്നത്.

*********************************************

## NAVAL CONFERENCE

നാവികസേനാ കമാൻഡർമാരുടെ ഉച്ചകോടിയുടെ രണ്ടാം പതിപ്പ് ന്യൂഡൽഹിയിൽ സമാപിച്ചു. മൂന്ന് ദിവസം നീണ്ടുനിന്ന യോഗത്തിൽ ലോജിസ്റ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡ്രോണുകൾ ഉൾപ്പെടെയുള്ള സ്വയം നിയന്ത്രിത സാങ്കേതികവിദ്യകളുടെ ഉപയോഗം ചർച്ചയായി. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സംയുക്ത സൈനിക മേധാവി ജനറൽ എൻ.എസ്. രാജ സുബ്രമണി, കരസേനാ മേധാവി ജനറൽ ധീരജ് സേത്ത് എന്നിവരും ഉച്ചകോടിയിൽ പങ്കെടുത്തു.

*********************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*********************************************

## G7

ആഗോളതലത്തിൽ കുതിച്ചുയരുന്ന ഇന്ധനവില നിയന്ത്രിക്കുന്നതിനായി, നാല് മാസത്തിനുള്ളിൽ 100 ദശലക്ഷം ബാരൽ എണ്ണ വിപണിയിലിറക്കാൻ തീരുമാനിച്ച് G7 രാജ്യങ്ങൾ. ഇതിൽ വലിയൊരു ഭാഗം ആദ്യ 20 ദിവസത്തിനുള്ളിൽ തന്നെ ലഭ്യമാക്കും. അമേരിക്കയിൽ ഡീസൽ വില റെക്കോർഡ് നിലവാരത്തിലെത്തിയത് ട്രംപ് ഭരണകൂടത്തിനും മേൽ സമ്മർദ്ദം വർധിപ്പിച്ചിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ ശേഖരത്തിൽ

നിന്ന് വലിയ അളവിൽ ഡീസൽ വിട്ടുനൽകാൻ സമ്മതിച്ചിട്ടുണ്ടെന്ന് ഡോണാൾഡ് ട്രംപ് പറഞ്ഞു.

*******************************************

## PM 25 YRS - NORTH EAST (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ, വടക്കു കിഴക്കൻ മേഖലയിലെ വികസനങ്ങളെക്കുറിച്ചാണ് ഇന്ന്. **ഒരു റിപ്പോർട്ട്.....**

(വോയ്സ്)

## PM 25 YRS - NORTH EAST (VOICE)

ഊർജ്ജം, അടിസ്ഥാന സേവനങ്ങൾ, ഉപജീവനമാർഗ്ഗങ്ങൾ എന്നിവയിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുണ്ടായ പുരോഗതി മേഖലയുടെ വികസനം ത്വരിതപ്പെടുത്തുകയാണ് . ഗതാഗത-വാർത്താവിനിമയ ബന്ധങ്ങളിലുണ്ടായ മുന്നേറ്റം രാജ്യത്തിൻറെ മറ്റിടങ്ങളുമായി മേഖലയെ പരസ്പരബന്ധിതവുമാക്കി. പാരിസ്ഥിതികമായ പരിഗണനകൾക്കും പ്രാദേശിക സമൂഹങ്ങളോടുള്ള ആദരവിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള നയപരമായ പിന്തുണയും തുടർച്ചയായ നിക്ഷേപവും ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരവമായ നേട്ടങ്ങൾ കൈവരിക്കാൻ സഹായിച്ചു. സന്തുലിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും ഭാവിയിലേക്ക് ഉറ്റുനോക്കുന്നതുമായ 'വികസിത ഭാരതം' കെട്ടിപ്പടുക്കുന്നതിൽ വടക്കുകിഴക്കൻ മേഖലയുടെ തുടർപുരോഗതി നിർണ്ണായകമായിരിക്കും.

*******************************************

## CLEANLINESS-RAILWAY

ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ ശുചിത്വ റാലിയും ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു. ഡിവിഷണൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രാകർ റാലി ഫ്ലാഗ് ഓഫ് ചെയ്തു. ക്യാമ്പയിനിൽ ഇതുവരെ പതിമൂവായിരത്തിലധികം വോളന്റിയർമാർ പങ്കെടുത്തതായി ഡി.ആർ.എം അറിയിച്ചു. ഇതിലൂടെ 32 മെട്രിക് ടണ്ണിലധികം മാലിന്യം നീക്കം ചെയ്തു.

*********************************************

## UAE FLYDUBAI INVESTIGATION

ഫ്ലൈ ദുബായ് വിമാനത്തിലുണ്ടായ സംഭവത്തെക്കുറിച്ചുള്ള അന്വേഷണം പുരോഗമിക്കവേ ഊഹാപോഹങ്ങളും അപൂർണ്ണമായ നിഗമനങ്ങളും പ്രചരിപ്പിക്കരുതെന്ന് യു.എ.ഇ അധികൃതർ മുന്നറിയിപ്പ് നൽകി. സംഭവസമയത്ത് വിമാനം സുരക്ഷിതമായി നിലത്തിറക്കാൻ സഹായിച്ച ക്യാപ്റ്റൻ സ്മിത്, മറ്റ് പൈലറ്റുമാർ, ക്യാബിൻ ക്രൂ, യാത്രക്കാർ എന്നിവർക്ക് ഫ്ലൈ ദുബായ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഗെയ്ത്ത് അൽ ഗെയ്ത്ത് നന്ദി രേഖപ്പെടുത്തി. വിമാനത്തിലുണ്ടായിരുന്ന എല്ലാ യാത്രക്കാരും ജീവനക്കാരും സുരക്ഷിതരാണെന്നും അദ്ദേഹം അറിയിച്ചു.

*********************************************

## RAIN KERALAM

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ നാലു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറണമെന്ന് ദുരന്തനിവാരണ അതോറിട്ടി അറിയിച്ചു.

*********************************************

## ASIAN GAMES

ഏഷ്യൻ ഗെയിംസിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ. 16 സ്വർണ്ണവും 25 വെള്ളിയും 35 വെങ്കലവും ഉൾപ്പടെ 76 മെഡലുകളുമായി മെഡൽ പട്ടികയിൽ അഞ്ചാം സ്ഥാനത്താണ് ഇന്ത്യ. ഇന്നലെ ഹോക്കി, ഗുസ്തി, ബോക്സിംഗ്, അമ്പെയ്ത്ത്, എന്നിവയിലായി ആറ് സ്വർണ്ണ മെഡലുകളാണ് ഇന്ത്യ സ്വന്തമാക്കിയത്. 44 വർഷത്തിന് ശേഷമാണ് വനിതാ ഹോക്കിയിൽ ഇന്ത്യയുടെ സ്വർണ നേട്ടം. മെഡൽ നേടിയ വനിതാ ഹോക്കി ടീമിനെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിനന്ദിച്ചു. ഇന്ന് നടക്കുന്ന പുരുഷ ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ പാകിസ്ഥാനെ നേരിടും. പുരുഷന്മാരുടെ ഹോക്കി ഫൈനലിൽ മലേഷ്യയാണ് ഇന്ത്യയുടെ എതിരാളി.

*********************************************

## IND-ASIAN GAMES FLAGBEARER

നാളെ നടക്കുന്ന ഏഷ്യൻ ഗെയിംസ് സമാപന ചടങ്ങിൽ ട്രാപ്പ് ഷൂട്ടർ നീരു ധണ്ഡ ഇന്ത്യയുടെ വനിതാ പതാകാവാഹകയാകും . ഗെയിംസിൽ രണ്ട് സ്വർണ്ണവും ഒരു വെള്ളിയും നേടി നീരു മികച്ച പ്രകടനമാണ് കാഴ്ച്ചവെച്ചത്.

*********************************************

## CRICKET

ഇന്ത്യ വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഉച്ചയ്ക്ക് രണ്ട് മണിക്ക് പഞ്ചാബിലാണ് മത്സരം. രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

*********************************************

## JUNIOR ATHLETICS MEET

സംസ്ഥാന ജൂനിയർ അത്‌ലറ്റിക്‌മീറ്റിന്റെ ഭാഗമായ മത്സരങ്ങൾ കൊല്ലം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ ആരംഭിച്ചു. അണ്ടർ 23 ചാമ്പ്യൻഷിപ്പിന്റെ മത്സരങ്ങളാണ് ഇന്ന് നടക്കുന്നത്. 10,000 മീറ്റർ ഓട്ടമത്സരത്തോടെ മീറ്റിന് തുടക്കമായി. 28 ഇനങ്ങളുടെ ഫൈനൽ ഇന്ന് നടക്കും.

*****************************************

## INDIA NETHERLANDS

കേന്ദ്ര കാർഷിക - കർഷക ക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, നെതർലാൻഡ്സ് കാർഷിക മന്ത്രി സിൽവിയോ എർക്കൻസുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച്ച നടത്തി. നവീന ആശയങ്ങൾ, അറിവുകളുടെ കൈമാറ്റം എന്നിവയിലൂടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ ഇരു രാജ്യങ്ങളും ധാരണയായി. കാർഷിക, ഹോർട്ടികൾച്ചർ മേഖലകളിൽ 25 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലെ പുരോഗതിയും യോഗം വിലയിരുത്തി. വിത്ത് മേഖലയിലെ സഹകരണത്തിനായി കൃത്യമായ തൊഴിൽ പദ്ധതി തയ്യാറാക്കാനും, കാർഷിക നവീകരണ രംഗത്ത് കൂടുതൽ സഹകരണ സാധ്യതകൾ കണ്ടെത്താനും ധാരണയായി.

**************************************************************************************************************

*****************************************************